AIM HIGH, TOGETHER WE FLY

# THE VILLAGE
INTERNATIONAL SCHOOL

"We Nurture Dreams"

| LANGUAGE-2<br>GRADE-IX | TERM-1 EXAMINATION<br>MALAYALAM | MAX MARKS-80<br>TIME-3Hrs |
|---|---|---|

## എ വിഭാഗം/SECTION A

| 1 | ഖണ്ഡിക വായിച്ച് ചുവടെയുള്ള **8** ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക | **8*1=8** |
|---|---|---|
| | സാമൂഹികശാസ്ത്ര വിഷയങ്ങളിൽ താരതമ്യേന പുതിയ വിഷയമാണ് ഫോക് ലോർ അഥവാ"നാട്ടറിവ്". ഫോക് ലോർ എന്ന ഇംഗ്ലീഷ് പദം നാടോടീവിജ്ഞാനീയം, നാട്ടറിവ് എന്നീ പദങ്ങൾ ഉപയോഗിച്ച് മലയാളത്തിൽ വിവർത്തനം ചെയ്യുന്നു. ഫോക്,ലോർ എന്നീ ആംഗലവാക്കുകളുടെ സംയോഗമാണ് ഈ പദം. ജനസമൂഹം എന്ന അർത്ഥത്തിലാണ് ഫോക് എന്ന വാക്ക് ഉപയോഗിക്കുന്നത്. ലോർ എന്ന പദം ആ ജനസമൂഹത്തിന്റെ അറിവിനെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. നരവംശശാസ്ത്രജ്ഞനായ അലൻ ഡൻഡിസാണ് ഫോക് ലോറിനെ വ്യതിരിക്തവ്യക്തിത്വമുള്ള വിജ്ഞാനശാഖയായി വളർത്തിയെടുത്തത്. അദ്ദേഹത്തിന്റെ കാലശേഷം വികാസഗതി നഷ്ടപ്പെട്ട അവസ്ഥയിലാണ് ഫോക് ലോർ.തദ്ദേശീയമായ അറിവ് അല്ലെങ്കിൽ ഗ്രാമീണ ജനതയുടെ അറിവാണ് നാട്ടറിവ്. പാരമ്പര്യമായി കിട്ടിയ അറിവാണത്. തലമുറകളിലൂടെ കൈമാറി വരുന്ന ഇത്തരം അറിവ് പ്രയോഗത്തിലൂടെ വികസിച്ചുകൊണ്ടിരിക്കും. പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന നാട്ടറിവ് അനുഭവങ്ങളിലൂടെയാണ് പഴമക്കാർ സ്വായത്തമാക്കിയത്.<br><br>ഗ്രാമീണ ജനതയുടെ ജീവിതരീതി, കലാപൈതൃകം, ആചാരവിശ്വാസങ്ങൾ, വാങ്മയരൂപങ്ങൾ തുടങ്ങി നമ്മുടെ സാംസ്കാരിക സമ്പത്ത് മുഴുവൻ നാട്ടറിവിൽ പെടുന്നു. ഐതിഹ്യങ്ങളും നാട്ടുസംഗീതവും, വാമൊഴിചരിത്രവും, നാടോടിക്കഥകളും, ഭക്ഷണരീതിയും നാട്ടുചികിത്സയും കൃഷിയറിവുകളുമെല്ലാം നാട്ടറിവാണ്.<br><br>ആധുനിക കലാരൂപങ്ങളും സാഹിത്യവും ഉൽപ്പാദനരീതികളും ചികിത്സയുമെല്ലാം പുതിയ തലങ്ങളിലേക്ക് വികസിച്ചത് നാട്ടറിവിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ടാണ്. ആദിവാസികളുടെ അറിവിനെ ഉപയോഗപ്പെടുത്തി പല ആധുനിക മരുന്നുകളും കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ പല ചലച്ചിത്ര ഗാനങ്ങളുടേയും സംഗീതത്തിന്റെ വേരുകൾ നാട്ടുസംഗീതത്തിലാണ്.<br><br>ആഗസ്റ്റ് 22 ലോക നാട്ടറിവ് ദിനമാണ്. ഫോക് ലോർ എന്ന വിജ്ഞാനശാഖയുടെ ഉപവിഷയമെന്ന നിലയിലാണ് നാട്ടറിവിനെ പരിഗണിക്കുന്നത്. മാനവരാശി സഹസ്രാബ്ദങ്ങൾകൊണ്ട് അനുഭവങ്ങളിലൂടെ നേടിയ അറിവുകകളും ശേഷിപ്പുകളും | |

| | | |
|---|---|---|
| | സംരക്ഷിക്കുന്നതിനാണ് നാട്ടറിവ് ദിനം ആചരിക്കുന്നത്. | |
| a | ഫോക് ലോറിന്റെ മറ്റൊരു പേരെന്ത് | |
| b | മലയാളത്തിൽ ഏത് അർത്ഥത്തിലാണ് ഫോക് എന്ന പദം ഉപയോഗിക്കുന്നത് | |
| c | വ്യതിരിക്തവ്യക്തിത്വമുള്ള വിജ്ഞാന ശാഖയായി ഫോക് ലോറിനെ വളർത്തിയെടുത്തത് ആര് | |
| d | പഴമക്കാർ നാട്ടറിവ് സ്വായത്തമാക്കിയത് എങ്ങനെ | |
| e | നാട്ടറിവിൽ ഉൾപ്പെടുന്ന സാംസ്കാരിക സമ്പത്ത് ഏവ | |
| f | എന്നാണ് ലോക നാട്ടറിവ് ദിനമായി ആചരിക്കുന്നത് | |
| g | എന്താണ് ലോക നാട്ടറിവ് ദിനത്തിന്റെ ഉദ്ദേശം | |
| h | ലോർ  എന്ന പദത്തിന്റെ അർത്ഥം എന്ത് | |
| i | ഖണ്ഡികക്ക് ഉചിതമായ ശീർഷകം നൽകുക | |
| **2** | ഏതെങ്കിലും **8** എണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത എഴുതുക | **8*1=8** |
| a | മഹി എന്ന വാക്കിന്റെ അർത്ഥം ഏത്<br>i ഉണർവ് ii ഭൂമി<br>iii ശരീരം iv വപുസ്സ് | |
| b | മതി -മദി എന്നീ പദങ്ങളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്<br>i കാലം- രാജ്യം ii ബുദ്ധി-കലപ്പ iii സൂര്യൻ- തരം iv ബുദ്ധി -കലപ്പ | |
| c | അനുഗ്രഹം എന്നതിന്റെ വിപരീതപദം ഏത്<br>i ഹ്രസ്വം ii നിഗ്രഹം iii ഉദ്ദേശം iv ദേഹം | |
| d | ഭൃതം എന്ന പദത്തിന്റെ നാനാർത്ഥം ഏത്<br>i ആഗ്രഹം ii ഗുരു iii കഴിഞ്ഞത് iv കരി | |
| e | പ്രത്യാശ എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത്<br>i പ്രത്യ +ആശ  ii പ്രതി +ആശ iii പ്രത്യാ+ശ iv പ്രതി+യാശ | |
| f | തട്ടകം എന്ന പദത്തിന്റെ അർത്ഥം എന്ത്<br>i ശിരസ്സ് ii സുന്ദരി iii പശ്ചു  iv മേഖല | |
| g | പാരം-പാര് എന്നീ പദങ്ങളുടെ അർത്ഥവ്യത്യാസം എന്ത്<br>i വളരെ-ഭൂമി ii ചെവി-പ്രവർത്തി iii നമ്മൾ-മാതാവ്  iv ദുഃഖം-ശരീരം | |
| h | പീയുഷം എന്ന പദത്തിന്റെ പര്യായം ഏത്<br>i ഇന്ദുഗോപം ii മംഗളം iii അമൃത്  iv തിമിരം | |

| | | |
|---|---|---|
| i | ഉഡു എന്ന പദത്തിന്റെ അർത്ഥം എന്ത്<br>i നക്ഷത്രം ii രവം iii ആദർശം iv ആശ | |
| **3** | ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക | **4*2=8** |
| a | "മനസ്സിൽ നൈരാശ്യമെഴുന്നവന്നു<br>മധ്യാഹ്നവും പ്രത്യഹമർദ്ധരാത്രം" | |
| i | മനസ്സിൽ മൈരാശ്യം ഉള്ളവന്റെ സ്ഥിതി എന്ത് | |
| ii | ഏതു കവിതയിലെ വരികൾ ആണിവ | |
| b | ചൊൽക്കൊണ്ടു നിന്നൊരു തേരിൽക്കരേറിയ-<br>ദ്ദിക്കിനെ നോക്കി നടന്നാനപ്പോൾ | |
| i | ആരാണ് തേരിൽ കയറി പോയത് | |
| ii | എങ്ങോട്ടാണ് തേരിൽ കയറി പോയത് | |
| c | " അങ്ങ് ഒരു മഹാത്മാവ് ഞാൻ ഒരു പാവപ്പെട്ട ഭക്തൻ,ഞാൻ ഒരിക്കലും അനുസരണക്കേട് കാണിക്കുകയില്ല" | |
| i | ഇവിടെ മഹാത്മാവ് എന്ന് സംബോധന ചെയ്തിരിക്കുന്നത് ആരെയാണ് | |
| ii | ഈ പാഠഭാഗത്തിന്റെ കർത്താവ് ആരാണ് | |
| d | ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നു വടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു | |
| i | ഉന്മാദത്തിന്റെ മുദ്രാവാക്യം എന്താണ് | |
| ii | ഉന്മാദാവസ്ഥ എന്താണെന്നാണ് ലേഖകൻ പറയുന്നത് | |
| e | ബോംബെ പട്ടണത്തിലെ ഒരു ടാക്സി ഡ്രൈവർ ഇമ്മാനുവൽ കാന്റിന്റെ പുസ്തകത്തിൽ നിന്നും സമുചിതമായ ഒരു ഉദ്ധരണി തെറ്റുകൂടാതെ പറയുന്നതു കേട്ടപ്പോൾ ഞങ്ങൾ അന്തം വിട്ടുപോയി | |
| i | ടാക്സി ഡ്രൈവറുടെ പേരെന്തായിരുന്നു | |
| ii | ഈ വാക്യം ഉൾക്കൊള്ളുന്ന പാഠഭാഗം ഏത് | |
| **4** | ഏതെങ്കിലും നാലെണ്ണത്തിന് മാത്രം ബ്രാക്കറ്റിൽ നിന്ന് ശരി ഉത്തരങ്ങൾ തിരഞ്ഞെടുത്ത എഴുതുക | **4*4=16** |
| a | " പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായിപ്പോയെന്നാണ്" | |
| i | എന്തുകൊണ്ടാണ് ഇങ്ങനെ തോന്നിയത്<br>1 ട്രെയിൻ പോയതുകൊണ്ട്<br>2 ബാക്കി പൈസ ലഭിക്കാത്തതുകൊണ്ട്<br>3 വിചാരിച്ച കാര്യം നടക്കാത്തത് കൊണ്ട്<br>4 ഭക്ഷണം കഴിക്കാത്തത് കൊണ്ട് | |

| | | |
|---|---|---|
| ii | ആരാണ് ഇങ്ങനെ വിചാരിച്ചത്<br>1 നിത്യ ചൈതന്യ യതി 2 ഇമ്മാനുവേൽ കാന്റ്<br>3 ദാമോദർ ഗാവുങ്കൽ 4 കർത്താർ സിംഗ് | |
| iii | ഈ വാക്യം ഉൾപ്പെടുന്ന പാഠം ഏത്<br>1 അമ്പാടിയിലേക്ക് 2 ആർഭാടത്തിൽ നിന്ന് ലാളിത്യത്തിലേക്ക്<br>3 വിശ്വം ദീപമയം 4 രണ്ട് ടാക്സിക്കാർ | |
| iv | ഇങ്ങനെ ചിന്തിക്കുന്നത് ആര്<br>1 നിത്യ ചൈതന്യ യതി 2 രാംഗോപാൽ മിശ്ര<br>3 കർത്താർ സിംഗ് 4 ദാമോദർ ഗാവുങ്കൽ | |
| b | " കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു<br>പുണ്യവാനെന്നതു നിർണയം ഞാൻ" | |
| i | ആരാണ് ഇപ്രകാരം ചിന്തിക്കുന്നത്<br>1 ശ്രീകൃഷ്ണൻ 2 അക്രൂരൻ 3 കംസൻ 4 നന്ദഗോപർ | |
| ii | ഏതു കവിതയിൽ നിന്നെടുത്ത വരികൾ ആണിവ<br>1 വിശ്വദീപമയം 2 അമ്പാടിയിലേക്ക് 3 കാളകൾ 4 അതേ പ്രാർത്ഥന | |
| iii | ആരെ കാണാൻ പോകുന്നതാണ് പുണ്യം എന്ന് ചിന്തിക്കുന്നത്<br>1 ശ്രീകൃഷ്ണനെ 2 നന്ദഗോപരെ 3 രാധയെ 4 കംസനെ | |
| iv | കവിതഎഴുതിയതാര്<br>1 ചെറുശ്ശേരി 2 എഴുത്തച്ഛൻ 3 കുഞ്ചൻ നമ്പ്യാർ 4 വള്ളത്തോൾ | |
| c | ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറു പുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ന് അയാൾ തന്നെ പറയുന്നു. ആ മനസ്സിൽ ആരെയും കൊല്ലാൻ മടിയില്ലാത്ത ഇരുട്ട് ഉണ്ടായിരുന്നു. ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്. ആളുകൾക്കോ വീടുകൾക്കോ ചരിത്രത്തിനോ ഉന്മാദം വരാം. | |
| i | കൊലപാതകങ്ങൾ ചെയ്യാൻ ചെറുപ്പക്കാരനെ പ്രേരിപ്പിച്ച ഘടകം ഏത്<br>1 പട്ടിണി 2 ഭ്രാന്ത് 3 ഭക്ഷണം 4 ആർഭാടം | |
| ii | ആർഭാടം ഒരു............. അവസ്ഥയാണ്<br>1 ഉന്മാദം 2 പേടി 3 പരിഹാസം 4 വിഷമം | |
| iii | ആർക്കൊക്കെ ഉന്മാദം വരാം<br>1 കാലത്തിന് 2 ചരിത്രത്തിന് 3 നിമിഷത്തിന് 4 ദിവസത്തിന് | |
| iv | ശരിയായ വാക്ക് ഏത്<br>1 ആർഭാടം 2 ആർബാടം 3 ആർപാട 4ആർഫാടം | |
| d | "മാലുള്ളതാണീ മഹിയെന്നു വെച്ചു<br>മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?<br>തൻസൃഷ്ടിയിൽപെട്ടൊരതിന്നുമീശൻ<br>സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?" | |

| | | |
|---|---|---|
| i | മാല് എന്ന പദത്തിന്റെ അർത്ഥം എന്ത്<br>1 ദുഃഖം 2 മംഗളം 3 സൂര്യൻ 4 നക്ഷത്രം | |
| ii | എന്താണ് ഈശ്വരന്റെ ധർമ്മമായി കവി പറയുന്നത് | |
| iii | വിശ്വം ദീപമയം എന്ന കവിത എഴുതിയതാര്<br>1 ഉള്ളൂർ 2 കുമാരനാശാൻ 3 വള്ളത്തോൾ 1 സച്ചിദാനന്ദൻ | |
| iv | ധർമ്മമല്ലേ പിരിച്ചെഴുതുക<br>1 ധർമ്മം+അല്ലേ 2 ധർമ്മം+മല്ലേ 3 ധർമ്മ+മല്ലേ ധർമ്മ+അല്ല | |
| e | അയാൾ ലാഹോറിൽ ഫിലോസഫി പ്രധാന വിഷയമായി എടുത്ത് എം എക്ക് പഠിച്ചിരുന്നപ്പോഴാണ് ഇന്ത്യ മഹാരാജ്യത്തിന്റെ വിഭജനം ഉണ്ടായത്.ഒരു വലിയ ധനികനായിരുന്ന അദ്ദേഹത്തിന്റെ പിതാവും സഹോദരനും വധിക്കപ്പെട്ടു. അമ്മയും മകനും കൂടി ജീവരക്ഷാർത്ഥം ഓടി ഇന്ത്യയിൽ എത്തി. വന്നുചേർന്നത് ബോംബെയിലാണ് അപ്പോൾ അയാളുടെ കൈവശം ജീവിതഭദ്രത നൽകുന്നതിനായി രണ്ട് അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു- ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും. | |
| i | അയാൾ എംഎക്ക് പഠിച്ചിരുന്നത് എവിടെ | |
| ii | അദ്ദേഹത്തിന്റെ പിതാവും സഹോദരനും വധിക്കപ്പെട്ടത് എങ്ങനെ | |
| iii | അമ്മയും മകനും ജീവരക്ഷാർത്ഥം ഓടി ഇന്ത്യയിൽ എവിടെയാണ് എത്തിച്ചേർന്നത് | |
| iv | ജീവിതഭദ്രത നൽകുന്നതിനായി അയാളുടെ കൈവശം ഉണ്ടായിരുന്നത് എന്ത് | |
| | ബി വിഭാഗം/**SECTION B** | |
| **5 a** | പ്രയോഗം മാറ്റുക | **2*1=2** |
| i | വെള്ളായിയപ്പൻ അന്നം നിലത്തേക്ക് എറിഞ്ഞു | |
| ii | അർജുനൻ അശ്വത്തെ ബന്ധിച്ചു | |
| **b** | അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക | **2*1=2** |
| i | മഴപെയ്തപ്പോൾ കാറ്റ് ആഞ്ഞുവീശി | |
| ii | കുട്ടി പഠിക്കാത്തതിനാൽ അധ്യാപകൻ വഴക്ക് പറഞ്ഞു | |
| **c** | വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക | **2*1=2** |
| i | മുണ്ടക പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അതിശയത്തോടെ അത്ഭുതപ്പെട്ടു നിന്ന് മകനെ വെള്ളായിയപ്പൻ ഓർത്തു | |
| ii | രാജാവിന്റെ വിലാപം കേട്ട ആയിരക്കണക്കിന് സഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങും ഇങ്ങും പാഞ്ഞു പോയി | |

| | | |
|---|---|---|
| **d** | അർത്ഥം മാറാതെ വിധി വാക്യത്തെ നിഷേധ വാക്യമാക്കി മാറ്റുക | **2*1=2** |
| i | മത്തായി കണക്ക് പുസ്തകം തുറന്നു | |
| ii | വെള്ളായിയപ്പൻ പൊതിയഴിച്ചു | |
| e | ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക<br>1.തൊണ്ടയിടറി 2.പതുക്കെ പറഞ്ഞു | **2*1=2** |
| 6 | ഒന്നര പുറത്തിൽ കവിയാതെ ഉത്തരം എഴുതുക | **3*5=15** |
| a | ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക | |
| i | വായനയുടെ പ്രാധാന്യം | |
| ii | വനനശീകരണം കൊണ്ടുള്ള ദോഷങ്ങൾ | |
| b | നിങ്ങളുടെ വിദ്യാലയത്തിന് സമീപത്തെ വാഹനങ്ങളുടെ മത്സരയോട്ടവും യുവാക്കളുടെ ബൈക്ക് റേസും അടിയന്തരമായി നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ ലീഡർ എന്ന നിലയിൽ സംസ്ഥാന ഗതാഗത മന്ത്രിക്ക് ഒരു പരാതി കത്ത് തയ്യാറാക്കുക | |
| c | ചന്ദ്രയാൻ 3 ചന്ദ്രനിൽ എത്തിയത് നിങ്ങളെല്ലാവരും അറിഞ്ഞിരിക്കുമല്ലോ പിറ്റേദിവസം പത്രത്തിൽ വരാൻ ഇടയുള്ള പത്രവാർത്ത തയ്യാറാക്കുക | |
| **7** | താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശം അനുസരിച്ച് ഉത്തരം എഴുതുക | |
| **a** | ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക | **3*1=3** |
| i | പെട്ടെന്ന് തോന്നിയത് ലോകം തവിടുപൊടിയായി പോയെന്നാണ് ഈ തോന്നലിന് കാരണമായ സന്ദർഭം ഏത് വിശദമാക്കുക | |
| ii | ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നു വടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു ഈ വാക്യത്തിന്റെ അർത്ഥ വ്യാപ്തി കണ്ടെത്തുക | |
| **b** | ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക | **2*3=6** |
| i | മിന്നാമിനുങ്ങിന്റെ പ്രവർത്തിയെ ഉദാഹരിച്ചുകൊണ്ട് കവി നൽകുന്ന സന്ദേശം എന്താണ് | |
| ii | കാഴ്ചയുടെയും കേൾവിയുടെയും എന്തെല്ലാം അനുഭവങ്ങളാണ് അമ്പാടിയിൽ എത്തിയ അക്രൂരനുണ്ടാകുന്നത് കുറിപ്പ് തയ്യാറാക്കുക | |
| iii | ടാക്സി റോഡരുകിൽ ചേർത്ത് നിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട് സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു ഇങ്ങനെ ചെയ്യാൻ ലേഖകനെ പ്രേരിപ്പിച്ചത് എന്ത് | |
| **c** | ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക | **2*3=6** |
| i | വർത്തമാനകാല സമൂഹവും ആർഭാടകരമായ ജീവിതത്തിന് പ്രാധാന്യം | |

| | | |
|---|---|---|
| | നൽകുന്നു ലളിത ജീവിതത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് വിശദീകരിക്കുക | |
| ii | വിവാഹം കഴിക്കാതിരുന്നതിനെപ്പറ്റി കർത്താവ് എന്താണ് പറഞ്ഞത് | |
| iii | അതായിരിക്കാം പൊരുളാ പ്രവൃത്തി-<br>ക്കജൻ ഹിതം മർത്യനറിഞ്ഞു ചെയ് വോൻ<br>മർത്യന്റെ ഹിതം അറിഞ്ഞ ദൈവം ചെയ്തത് എന്ത് | |

TVIS